# KTET Category-2
# Part-3

## Previous Year Paper
### Malayalam February
### 2019

# CATEGORY - II

## PART - 3

## Malayalam

## Question Numbers 121 to 150

താഴെ തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ചശേഷം 121 മുതൽ 125 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

'നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം' എന്നു പ്രസ്താവിക്കാൻ ധൈര്യം കാണിച്ച ഒരു കവി മാത്രമേ നമുക്കിടയിലുള്ളു. അതു വൈലോപ്പിള്ളിയാണ്. നെഞ്ചുകീറി സ്വയം പ്രദർശിപ്പിക്കാനൊരുമ്പെട്ടപ്പോൾ അദ്ദേഹം കണ്ടെത്തിയ ഏറ്റവും വലിയ നേര് കറുപ്പും വെളുപ്പുമായി വേർതിരിഞ്ഞു നിൽക്കുന്ന യാഥാർഥ്യങ്ങളെ പിൻതുടർന്നു ചെല്ലുന്നതിലല്ല, മറിച്ച് രണ്ട് ശക്തികൾക്കിടയിൽ തെരഞ്ഞെടുപ്പു നടത്തുന്നതിലാണ് ഒരു കലാകാരനു മുമ്പിലുള്ള പീഡാകരമായ വെല്ലുവിളി അടങ്ങിയിട്ടുള്ളത് എന്നതാണ്. കവിയായ വൈലോപ്പിള്ളി തന്റെ വിഭക്തമായ കൂറുകളിൽ നിന്നു താക്കീതും പ്രവചനവും ഇടചേർന്ന ഒരു സ്വരം സൃഷ്ടിച്ചെടുത്തു. മനസ്സിനെ ഇഴകോർത്തു വലിക്കുന്ന സന്ദേഹങ്ങളിൽ നിന്ന് ഒരു യുഗപരിവർത്തനത്തിന്റെ പ്രക്ഷുബ്ധതയെ വ്യാഖ്യാനിക്കാനുള്ള ഊർജ്ജം അദ്ദേഹം സമ്പാദിച്ചു. സത്യവും സൗന്ദര്യവും ഇണപിരിഞ്ഞു നിൽക്കുമ്പോൾ അവയിലേതിനു മുൻതൂക്കം കല്പിക്കണം എന്ന തർക്കം തന്റെ കാവ്യജീവിതത്തിലുടനീളം അദ്ദേഹത്തെ അനുധാവനം ചെയ്യുകയുണ്ടായി. ഇന്നലകളുടെ മനസ്സിലർപ്പിച്ച നഷ്ടവ്യസനം കലർന്ന നെടുവീർപ്പിനും നാളേക്കു വേണ്ടി പാടാനിരിക്കുന്ന ചുറുചുറുക്കുള്ള ഗാനത്തിനും ഇടയിലെ അകലം അളക്കുക എന്നതാണ് ആധുനിക കാലഘട്ടത്തിലെ കവിയെ കുഴക്കുന്ന ദൗത്യം എന്ന കണ്ടെത്തൽ വൈലോപ്പിള്ളിയുടെ ജീവലിതാവബോധത്തിനു തിളക്കവും മൂർച്ചയും സമ്മാനിച്ചു.

വൈലോപ്പിള്ളി തന്റെ ജീവിതസായാംകാലത്തിനിടയിൽ സ്മൃതിപഥത്തിലൂടെ നടത്തിയ കൗതുകകരമായ ഒരു മടക്കയാത്രയുടെ ഫലമാണ് "കാവ്യലോകസ്മരണകൾ". സാഹിത്യാഭിനിവേശം തലയ്ക്കുപിടിച്ച ലജ്ജാലുവും അന്തർമുഖനുമായ ഒരു പയ്യൻ, ചുറ്റുപാടുകളിൽ നിന്നു വെള്ളവും വെളിച്ചവും വലിച്ചെടുത്തുകൊണ്ട് ഉൽക്കടമായ ഒരാന്തരജീവിതത്തിന്റെ നീറ്റൽ ഏറ്റു വാങ്ങി, പരിചയക്കാരെയും സുഹൃത്തുക്കളെയും വിസ്മയം കൊള്ളിച്ച ഒരു കവിയായി തീർന്നതെങ്ങനെ എന്നതിന്റെ വിവരണമായി ഈ കൃതി വായിക്കാം".

121. "നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം" എന്ന കാവ്യ പ്രസ്താവനയിൽ അടങ്ങിയിട്ടുള്ള ആശയം കണ്ടെത്തുക.
   (A) സത്യം പറയുന്നത് ആസ്വാദ്യമായ കാര്യമാണ്
   (B) സത്യം പറയുന്നത് ലളിതമായ ഒരു പ്രവൃത്തിയാണ്
   (C) സത്യം പറയുന്നത് കഠിനമായ കാര്യമാണ്
   (D) സത്യം പറയാൻ ആർക്കും പറ്റുന്നതാണ്

122. 'കാവ്യലോകസ്മരണകൾ' ഏതു വിഭാഗത്തിൽപ്പെടുന്ന കൃതിയായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്?

(A) ജീവചരിത്രം

(B) ആത്മകഥ

(C) നോവൽ

(D) വിവർത്തനം

123. കലാകാരന്റെ പ്രധാനമായ വെല്ലുവിളി എന്താണ്?

(A) രണ്ടു ശരികൾ ഉണ്ടാവില്ല എന്നു മനസ്സിലാക്കുന്നത്

(B) രണ്ടു ശരികൾക്കിടയിൽനിന്ന് ഒന്ന് തിരഞ്ഞെടുക്കുന്നത്

(C) രണ്ടു ശരികളും തിരഞ്ഞെടുക്കുന്നത്

(D) ശരികളില്ല എന്നു തിരിച്ചറിയുന്നത്

124. 'പിൻതുടരുക' എന്ന് അർഥം വരുന്ന വാക്ക് കണ്ടെത്തുക.

(A) അഭിനിവേശം

(B) വീക്ഷണം

(C) അനുധാവനം

(D) പരിവർത്തനം

125. ഒരു എഴുത്തുകാരന്റെ ജീവിത സംഘർഷത്തെ വെളിവാക്കുന്ന വാക്യം ഏത്?

(A) ജീവിതസായംകാലത്തിനിടയിലെ സ്മൃതിപഥം

(B) ഉൽക്കടമായ ഏകാന്തത ജീവിതത്തിന്റെ നിഴൽ

(C) കറുപ്പും വെളുപ്പുമായി വേർതിരിഞ്ഞു നിൽക്കുന്ന യാഥാർഥ്യങ്ങൾ

(D) യുഗപരിവർത്തനത്തിന്റെ പ്രക്ഷുബ്ധത

126. എഴുത്തച്ഛൻ പുരസ്കാരം ലഭിക്കാത്ത എഴുത്തുകാരൻ ആര്?

(A) എം.ടി. വാസുദേവൻ നായർ

(B) എം. മുകുന്ദൻ

(C) കോവിലൻ

(D) ആനന്ദ്

127. ഭാഷാപഠനത്തിന്റെ പൊതുവായ ലക്ഷ്യങ്ങളിൽപ്പെടാത്ത പ്രസ്താവന ഏത്?

(A) ഭാഷാപഠനം സാംസ്കാരിക വിനിമയത്തെ പരിഗണിക്കുന്നു

(B) ഭാഷാപഠനം സർഗ്ഗാത്മകമായ ആവിഷ്കാരത്തെ പരിഗണിക്കുന്നു

(C) ഭാഷാപഠനം വൈകാരിക അനുഭൂതിയെ പരിഗണിക്കുന്നു

(D) ഭാഷാപഠനം സാമൂഹികതമാത്രം പരിഗണിക്കുന്നു

128. 'പൂ+അമ്പൻ = പൂവമ്പൻ' സന്ധി ഏത്?

(A) ദ്വിത്വസന്ധി

(B) ലോപസന്ധി

(C) ആഗമസന്ധി

(D) ആദേശസന്ധി

129. കുട്ടികളുടെ സർഗ്ഗാത്മകതയ്ക്ക് തടസ്സമായി വരുന്ന ഘടകമേത്?

(A) പ്രതികരണത്തിനുള്ള സ്വാതന്ത്ര്യം

(B) ആത്മാവിഷ്കാരത്തിനുള്ള സ്വാതന്ത്ര്യം

(C) അച്ചടക്കവും നിയന്ത്രണവുമുള്ള സാഹചര്യം

(D) മൗലികതയും അയവുമുള്ള സമീപനം

130. 'ഭാഷാസമഗ്രതാദർശനം' (Whole Language Philosophy) പൂർണ്ണമായും തള്ളിക്കളഞ്ഞത് ഏതു സിദ്ധാന്തത്തെയാണ്?

(A) സാമൂഹിക ജ്ഞാനനിർമിതിവാദം

(B) സാർവഭാഷാവ്യാകരണസിദ്ധാന്തം

(C) ചേഷ്ടാവാദം

(D) ജ്ഞാതൃമനശ്ശാസ്ത്രം

131. 'ഭാഷകനും ശ്രോതാവിനും എണ്ണമറ്റ വാക്യങ്ങൾ ഉണ്ടാക്കാനും മനസ്സിലാക്കാനും കഴിയും' ഭാഷയെപ്പറ്റി ഈ ആശയം മുന്നോട്ടു വച്ചത് :

(A) സ്കിന്നർ

(B) നോം ചോംസ്കി

(C) ജോൺ ലോക്ക്

(D) ബ്ലൂം ഫീൽഡ്

132. 'പൂർണ്ണമായും നശിപ്പിക്കുക' എന്ന ആശയം വരുന്ന ശൈലി കണ്ടെത്തുക.

(A) അടിക്കല്ലു മാന്തുക

(B) അടിപണിയുക

(C) അടിയറ പറയിക്കുക

(D) അലകും പിടിയും മാറുക

133. തുള്ളൽ കലയുടെ സവിശേഷതയായി വരുന്നത് ഏത്?

(A) നാടോടിക്കലാരൂപം

(B) അനുഷ്ഠാനകലാരൂപം

(C) ഹാസ്യകലാരൂപം

(D) അകേരളീയകലാരൂപം

134. 'ഗംഗയ്ക്കു മാതാവായ ഭൂമിയെ ദൃഢമഴിന്നു- മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കു'

സമാനതാളമുള്ള വരികൾ കണ്ടെത്തുക.

(A) 'പലകറികൾ പാകമായൊരുക്കിയ വനൃണ്ണാൻ

വരികയായിവരികയായെന്നുഴറിയ കണ്ണോടെ'

(B) 'പാട്ടിലൊരല്പം പൂന്തേൻ കലർത്തിയസ്വാതന്ത്ര്യ-

കൂട്ടിലെ മൂളാൻ വിട്ട കിളിയാണു ഞാൻ കൃഷ്ണ!'

(C) 'നമോസ്തുതേ, മജ്ജീവനദായക, നടേശ, പരമാത്മൻ

നരാഖ്യമണ്ടേ നർത്തനഗണമിതിൽ ഞാനുമൊരല്പാംഗം'

(D) 'നാളീകനയനനെന്തു തോന്നുന്നോ ഇന്നു നമ്മോട്

നാളീകം കരിമ്പനമേലെയ്യു പോലാമോ?'

135. വിദ്യാഭ്യാസത്തിലെ അവസരസമത്വം എന്ന ആശയത്തോടു ഐക്യപ്പെടാത്ത സങ്കല്പം ഏത്?

(A) പെൺകുട്ടികൾക്കുള്ള പ്രത്യേക സൗകര്യങ്ങൾ

(B) സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസം

(C) പഠനക്ഷമത കുറഞ്ഞ കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റൽ

(D) പണം മുടക്കി പഠിക്കാനുള്ള അവസരങ്ങൾ

136. 'ഏറെക്കറന്നാൽ ചോര' ഈ ചൊല്ലിനു യോജിക്കുന്നത്

(A) എന്തിനും പരിധിയുണ്ട്

(B) അവസാനംവരെ ഊറ്റണം

(C) ഒന്നിനും പരിധിയില്ല

(D) ചോര വന്നാലേ കറന്നതാവൂ

137. 'പുളകംപോൽ കുന്നിൻ പുറത്തു വീണ പുതുമൂടൽ മഞ്ഞല പൂർത്തിനിൽക്കെ പുലരൊളി മാമലശ്രേണികൾ തൻ പുറകിലായ് വന്നു നിന്നെത്തി നോക്കി'

ഈ വരികളിലെ അർത്ഥാലങ്കാരമേത്

(A) ഉപമ

(B) ഉൽപ്രേക്ഷ

(C) രൂപകം

(D) യമകം

138. 'മധുരമൊഴി' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

(A) മധുരവും മൊഴിയും

(B) മധുരമായ മൊഴിയുള്ളവൾ

(C) മധുരം മൊഴിയായിട്ടുള്ളവൾ

(D) മധുരത്തെ മൊഴിയാക്കിയവൾ

139. പ്രഥമ ജെ.സി.ബി. അവാർഡ് നേടിയ 'മുല്ലപ്പൂനിറമുള്ള പകലുകൾ' എന്ന നോവൽ എഴുതിയതാര്?

(A) അരുന്ധതി റോയി

(B) സാറാ ജോസഫ്

(C) ടി.ഡി. രാമകൃഷ്ണൻ

(D) ബെന്യാമിൻ

140. തെറ്റില്ലാത്തവാക്യം തെരഞ്ഞെടുക്കുക.

(A) മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിത തൃഷ്ണകളെ പ്രതിഫലിപ്പിക്കുന്ന മാധ്യമമെന്ന നിലയ്ക്ക് എക്കാലത്തും ജനപ്രീതിയാർജ്ജിച്ച സാഹിത്യ രൂപമാണ് ചെറുകഥ

(B) മനുഷ്യന്റെ വൈയക്തികപരവും സാമൂഹികപരവുമായ ജീവിത തൃഷ്ണകളുടെ പ്രതിഫലിപ്പിക്കുന്ന മാധ്യമമെന്ന നിലയ്ക്ക എക്കാലത്തും ജനപ്രീതിയാർജ്ജിച്ച സാഹിത്യ രൂപമാണ് ചെറുകഥ.

(C) മനുഷ്യന്റെ വൈയക്തികപരവും സാമൂഹികവുമായ ജീവിത തൃഷ്ണകളെ പ്രതിഫലനം കൊണ്ട് മാധ്യമത്തിന്റെ നിലയ്ക്ക് എക്കാലത്തും ജനപ്രീതിയാർജ്ജിച്ച സാഹിത്യരൂപമാണ് ചെറുകഥ.

(D) ചെറുകഥയാണ് മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതതൃഷ്ണകളെ പ്രതി-ഫലിപ്പിക്കുന്ന മാധ്യമമെന്ന നിലയ്ക്ക് എക്കാലത്തും ജനപ്രീതിയാർജ്ജിച്ച സാഹിത്യരൂപമാണ്.

141. മർദ്ദിതരുടെ വിദ്യാഭ്യാസം (Pedagogy of the Oppressed) ആരുടെ ഗ്രന്ഥമാണ്?

(A) റൂസ്സോ

(B) പൗലോ ഫ്രെയർ

(C) പെസ്റ്റലോസി

(D) മഹാത്മാ ഗാന്ധി

142. 'സ്നെല്ലൻ ചാർട്ട് ' ഉപയോഗിക്കുന്നത് എന്തിന്?

(A) കേൾവിശക്തി അളക്കാൻ

(B) കാഴ്ചശക്തി അളക്കാൻ

(C) സംസാരശേഷി അളക്കാൻ

(D) വൈകാരികബുദ്ധിയളക്കാൻ

143. സഹവർത്തിത പഠനത്തിന്റെ സവിശേ-ഷതയായ് വരാത്തത് കണ്ടെത്തുക.

(A) അധ്യാപകരും കുട്ടികളും തമ്മിൽ അറിവു പങ്കുവയ്ക്കുന്നു

(B) അധ്യാപർക്കും കുട്ടികൾക്കുമിടയിൽ അധികാരം പങ്കുവയ്ക്കുന്നു

(C) കുട്ടികളെ സങ്കരഗ്രൂപ്പുകളാക്കുന്നു

(D) അധ്യാപകൻ ലക്ചർ ക്ലാസ്സുകൾ എടുക്കുന്നു

144. 'അമിത ഭാരമില്ലാത്തുള്ള പഠന'മാണ് അഭികാമ്യം എന്ന നിർദ്ദേശം മുമ്പോട്ടുവച്ചത് :

(A) യശ്പാൽ കമ്മിറ്റി

(B) ജനാർദ്ദനറെഡ്ഢി കമ്മിറ്റി

(C) രാമമൂർത്തി റിവ്യൂ കമ്മിറ്റി

(D) ഇതൊന്നുമല്ല

145. വൈകാരികബുദ്ധി (Emotional Quotient - E Q) യെക്കുറിച്ചു പഠനം നടത്തിയത് :

(A) സിഗ്മണ്ട് ഫ്രോയിഡ്

(B) ഡാനിയേൽ ഗോൾമാൻ

(C) വൈഗോട്സ്കി

(D) ഇവാൻ ഇല്ലിച്ച്

തന്നിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക്
ഉചിതമായ ഉത്തരങ്ങൾ തെരഞ്ഞെടുക്കുക.

"ചുഴലെ നിൽക്കുന്ന വനത്തിൻ മുഖത്തൊരു
മുള്ളിൻമുനയാകിടാതെ,
മെല്ലെയൊരു തെന്നൽ ചുണ്ടാലൊട്ടു പിച്ചക-
ച്ചെടിയുടെ ചെവിയിലോതി,
പകൽ വിളക്കും മുൻപു പിന്നെയുമാമാവിൽ
പരിമളം ചിന്നും പതക്ക,
മധുരമാം വാസന്തസ്വപ്നത്തിൽ നിന്നൊരു
മലരിനെ നുള്ളിപ്പറിക്കെ,
അതു പരിച്ചീടുന്ന കണ്ണുനീരാകെ-
ഉലയിലിൽക്കവിടാതെ, താരങ്ങൾ
ഇലകളിൽ ദീനമാം മർമ്മരം മുകൾക്കൊഴി-
ഞ്ഞിതളുകൾ കുമ്പിടുന്നു!
ഇളതെന്നലിന്നിങ്കൽ നിന്നു ഞാൻ മൃതനാ-
യിരുളിൽ നിന്നകന്നു മന്ന
ഒരു പഴമ്പൂവായ് വികാരവിമുഖമായ്
പതിനായിക്കുന്നതിൻ മുന്നേ,
മിഴിയിൽ നിന്നപ്പോഴും ജീവിതത്തിൻ പകൽ
മുഴുവനും മായാത്തതാണെന്ന
കനിവോടെടുത്തുവാൻ കാലത്തിൻ ചില്ലമേൽ
കരമണച്ചീടുകിൽ, നിന്നേ,
തെന്നലേ! താലോലിക്കുവോൻ ചുണ്ടിലെ
മധുരമാം പാട്ടോടലിക.
ഒരു പുളകത്തിലും ശോകം പുരളാതെ
പിരിയുവാൻ മോഹം തരിക!
ഉലകിലിത്തിരുപൊരുളകത്തിൽ നിന്നുമ-
ന്നുതിരുമശ്രുക്കണിക!"

പൂവിന്റെ പാട്ട് / ജി ശങ്കരക്കുറുപ്പ്

146. 'മിഴിയിൽ നിന്നപ്പോഴും ജീവിതത്തിൻ പകൽ മുഴുവനും മായാത്തതാണെന്ന' : ഈ വരികളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് :
(A) ജീവിതം അവസാനിപ്പിക്കുന്നു
(B) ജീവിതം തുടങ്ങിയിട്ടേയുള്ളൂ
(C) ജീവിതം ഇനിയും ബാക്കിയുണ്ട്
(D) ഇനിയൊരു ജീവിതം കാത്തിരിപ്പുണ്ട്

147. പൂവിന്റെ മരണത്തിൽ നിന്ന് കവി പഠിപ്പിക്കുന്നത് എന്താണ്?
(A) ആഘോഷിച്ചു ജീവിക്കണം
(B) മരണത്തിനും വ്യാകുലനാകരുത്
(C) എല്ലാവരെ താലോലിക്കണം
(D) ശോകം തന്റെ മരണത്തിൽ വിലപ്പിക്കണം

148. 'മധുരമാം വാസന്തസ്വപ്നത്തിൽ നിന്നൊരു മലരിനെ നുള്ളിപ്പറിക്കെ.' ഈ വരികളിൽ കാണുന്നത് :
(A) ജീവിതത്തിന്റെ വശ്യത
(B) ജീവിതത്തിന്റെ വിരസത
(C) ജീവിതത്തിന്റെ പ്രതിഭാസം
(D) ജീവിതത്തിന്റെ നൈരന്തര്യം

149. മലരിനെ നുള്ളി കണ്ണുനീരാകെ അടിയിൽ കിടത്തിയിട്ടു പോയതാര്?
(A) വസന്തം
(B) കവി
(C) തെന്നൽ
(D) പിച്ചകം

150. മരണത്തെ കവി എങ്ങനെ സ്വീകരിക്കുമെന്നാണ് പറയുന്നത്?
(A) വിധുരമാം പാട്ടോടെ
(B) മനസ്സില്ലാ മനസ്സോടെ
(C) മധുരമാം പാട്ടോടെ
(D) ആകുലതയോടെ